റിട്ടയർചെയ്ത ജീവനക്കാരുടെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ

62 (3462) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽനിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ സർവീസ് സംബന്ധമായ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിൽ മെക്കാനിക്കൽ വിഭാഗത്തിൽ 1988-ൽ റിട്ടയർ ചെയ്ത ശ്രീ. കെ. രാമചന്ദ്രൻ നായരുടെ പെൻഷൻ റിവിഷൻ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) എന്നത്തേയ്ക്ക് പ്രസ്തുത ഹർജിയിൻമേൽ തീർപ്പ് കല്പിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നല്കുന്നതാണ്.

(ബി) ഇല്ല.

(സി) ആന്റ് (ഡി) ശ്രീ. കെ. രാമചന്ദ്രൻ നായർക്ക് ഗവൺമെന്റ് ഉത്തരവ് (ആർ.ടി) 928/89/ ഫിൻ. തീയതി 2.3.89 പ്രകാരം പെൻഷൻ അനുവദിച്ചിട്ടുള്ളതാകുന്നു. പുതുക്കിയ നിരക്കിലുള്ള പെൻഷൻ ആനുകൂല്യങ്ങൾ 2.3.89 -ൽ ഗവൺമെന്റ് മുഖേന അനുവദിച്ചിട്ടുണ്ട്. (പി.പി.ഒ.നം. തിരുവനന്തപുരം 21870).

ചോദ്യം നമ്പർ 3463-ന്റെ ഉത്തരം ലഭിച്ചിട്ടില്ല.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്

63 (3464) ശ്രീ. എ.കെ. മണി :
ശ്രീ. എം. മുരളി :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. വി.ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ആരംഭിക്കുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിന് കേന്ദ്രസഹായം ലഭ്യമാകുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ കോളേജിൽ എന്നത്തേയ്ക്ക് അദ്ധ്യയനം ആരംഭിക്കാൻ കഴിയും;

(സി) ഇവിടെ പ്രവേശനം ലഭിക്കുന്ന നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക് മുഴുവൻ ഫീസും സൗജന്യം നൽകുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തീരുമാനമായിട്ടില്ല.

(സി) തീരുമാനമായില്ല.

ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഡെപ്യൂട്ടേഷൻ ജോലി ചെയ്യുന്നവർ

64 (3465) ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ബി) ഡെപ്യൂട്ടേഷൻ ജീവനക്കാർക്കു വേണ്ടി ഈ സാമ്പത്തികവർഷം (1999-2000) പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ആകെ ചെലവഴിച്ചിട്ടുള്ള തുക എത്രയാണ്;

(സി) ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് 1998-99, 1999-2000 വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുക എത്രയാണ്;

(ഡി) ബോർഡിലെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി 1999-2000 വർഷം അനുവദിച്ചിട്ടുള്ള യാത്രാബത്ത എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1. ചീഫ് എക്സിക്യൂട്ടീവ് (24.3.2000 മുതൽ ഒഴിഞ്ഞു കിടക്കുന്നു.)

2. ഫൈനാൻസ് ഓഫീസർ - 1
3. സെക്രട്ടറി - 1
4. അക്കൗണ്ട്സ് ഓഫീസർ -11
5. ചെയർമാൻ -10
6. കൺവീനർ - 19
7. ഹെഡ്ക്ലാർക്ക് - 10
8. എൽ.ഡി.ക്ലാർക്ക് - 218
9. എൽ.ഡി.ടൈപ്പിസ്റ്റ്/സിഎ - 15
10. പ്യൂൺ കം മെസഞ്ചർ - 8

(ബി) ബോർഡിന്റെയും വിവിധ കമ്മിറ്റി/സബ് ഓഫീസുകളിലായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്തുവരുന്ന ജീവനക്കാർക്കായി ഈ സാമ്പത്തികവർഷത്തിൽ 29.2.2000 വരെ (ശബള പരിഷ്കരണംമൂലം ശബള സ്കെയിലിലുണ്ടായ വ്യത്യാസം കണക്കിലെടുത്ത് 1.3.97 മുതലുള്ള അരിയർ പെൻഷൻ കോൺട്രിബ്യൂഷൻ ഉൾപ്പെടെ) 48,79,237 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ബോർഡിന്റെയും വിവിധ കമ്മിറ്റി/സബ് ഓഫീസുകളിലുമായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ 1998-99 സാമ്പത്തിക വർഷത്തിൽ 53,728 രൂപയും 1999-2000 സാമ്പത്തികവർഷത്തിൽ 29.2.2000 വരെ 1,12,830 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ബോർഡിലും വിവിധ കമ്മിറ്റി/സബ് ഓഫീസുകളിലുമായി 1999-2000 വർഷത്തിൽ 29.2.2000 വരെ എല്ലാ ഉദ്യോഗസ്ഥർക്കുമായി 13,53,691 രൂപ യാത്രാബത്തയായി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly